# Arise and build

*(എഴുന്നേറ്റ് പണിയുക- നെഹ:2:18)*

## 'Each time i fall i build the strength to getup and persevere'




വീഴ്ചകൾ സ്വഭാവികമാണ്.എന്നാൽ വീണിടത്ത് കിടക്കാതെ ,ശക്തിസംഭരിച്ച് മുൻപോട്ടുപോകുന്നവനാണ് യഥാർത്ഥ ദൈവപൈതൽ.എഴുന്നേൽക്കുവാൻ കഴിവില്ലാത്തയാളെ എഴുന്നേൽപ്പിക്കുവാൻ,പ്രശ്നത്തിലായവരെ പ്രശ്നത്തിൽനിന്നും എഴുന്നേൽപ്പിക്കുവാനും സംരക്ഷണം നൽകുവാനും,ദൈവവിളി ലഭിച്ച ഒരാൾ ആവശ്യമാണ്.ഏലിപുരോഹിതനോടൊപ്പം പാർത്ത ശമുവൽ ബാലന് ദൈവവിളിയുണ്ടായത്,ദൈവശബ്ദം കേട്ട് പണിയേണ്ടതിനെ പണിയുവാൻ എഴുന്നേൽക്കാത്ത ഏലിപുരോഹിതനുള്ള ദൈവീകന്യായവിധി അറിയിപ്പാനായിരുന്നു.ദൈവശബ്ദം കേട്ട് എഴുന്നേറ്റ് പണിയുവാൻ ഈ പുതുവർഷം നിങ്ങൾ തയ്യാറാണോ ? എങ്കിൽ നെഹമ്യാവിനെപ്പോലെ എഴുന്നേൽക്കുവാൻ തയ്യാറാകുക.

ഒരു നല്ലനേതാവ് ആരെന്നുള്ളതിന് ഒരേഒരു വ്യക്തിമാത്രമേ നമുക്ക് മാതൃകയായിട്ടുള്ളു.അത് യേശു കർത്താവാണ്.മനുഷ്യൻ അവന്റെ വിളികേട്ട് ഇറങ്ങുമ്പോൾ പ്രവർത്തിപ്പാൻ,പണിയുവാൻ ശക്തി തന്ന് കൂടെ നിൽക്കുന്ന ,ആശ്രയിപ്പാൻ യോഗ്യനായ നല്ല നേതാവാണ് യേശുകർത്താവ്.ഈ നേതാവിന്റെ ചില ഗുണങ്ങൾ വചനത്തെ ആസ്പദമാക്കി നമ്മുക്ക് ചിന്തിയ്ക്കാം.

(1) യേശു എപ്പോഴും പിതാവാം ദൈവത്തിന് കീഴടങ്ങി പ്രവർത്തിക്കുന്ന വ്യക്തി ആയിരുന്നു.അതിന്റെ തെളിവാണ് സ്വർഗ്ഗത്തിൽ നിന്ന് "നീ എന്റെ പ്രീയപുത്രൻ"എന്ന് കേട്ട ശബദം.

(മർക്കോ:1:11).പാപികളായ നാം നശിച്ച് പോകാതിരിപ്പാൻ സ്വപുത്രനെ കാൽവറിയിൽ യാഗമാക്കുവാനായി ഭൂമിയിലേക്കയച്ച സ്വർഗ്ഗീയ പിതാവും,പിതാവിന് കീഴ്പ്പെട്ട മകനും ഇതിന് തെളിവാണ്.അപ്പോഴും പിതാവിന്റെ ഇഷ്ടം നോക്കുന്ന ഈ മകൻ അന്നും ഇന്നും എന്നും ഒരു നല്ല നേതാവാണ്.

മത്താ:26:39.

(2) പരിശുദ്ധാത്മാവിനോട് അനുസരണം കാട്ടുന്ന നേതാവ് പ്രാവുപോലെ അവന്റെ മേൽ വന്ന ആത്മാവിനെ അവൻ അനുസരിച്ചു.(മർക്കോ:1:12,13)

(3) നല്ല കാഴ്ചപ്പാടുള്ള ലാളിത്യവും സത്യസന്ധതയുമുള്ള നല്ലനേതാവ്. ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപവുമായി വന്ന സാത്താനെ നിർഭയം വചന ത്താൽ കീഴ്പ്പെടുത്തി.(മത്താ:4:1:11)തനിക്ക് വഴി ഒരിക്കുവാൽ വന്ന യോഹന്നാൻ സ്നാപകൻ തടവിലായപ്പോൾ സത്യസന്ധതയോടെ സ്വർഗ്ഗരാജ്യത്തെപ്പറ്റി പറയു കയും അവിടേക്ക് എത്തുവാൻ എന്തുചെയ്യണമെന്ന് വ്യക്തമാക്കുന്ന വിശ്വസ്തനായ നേതാവ്. മർക്കോ(1:14,15) 1യോഹ:2:14-18

(4)നല്ല നയത്തോടെ ഒരു കൂട്ടത്തെ വിളിച്ച് സഹായത്തിനായി രൂപപ്പെടുത്തി. മർക്കോ:1:17,19.

പരസ്പരം അറിയുന്ന സഹായിക്കുന്ന ഒരുകൂട്ടം ,ഒരു നല്ല നേതാവിന്റെ കൂടെ ആവ ശ്യമാണ്.അതായിരുന്നു ആ നാലുപേർ.തുടർന്ന് ബാക്കി എട്ടുപേർ ആകൂട്ടത്തിൽ ചേർന്നു.ബന്ധങ്ങളെ പണിയുവാൻ കഴിവുള്ള ഈ നേതാവ് ഒന്നിച്ചുപ്രവർത്തിക്കുന്ന സഹോദരങ്ങളെ തന്നോടൊപ്പം ആക്കിയശേഷം ഒന്നിച്ചവരെ നയിച്ചു.

5)ആവശ്യസമയത്ത് അധികാരമുള്ളവനായി പ്രശ്നത്തെ അഭിമുഖീകരിക്കുന്ന നല്ലനേ താവാണ് അദ്ദേഹം ഒരു നല്ല നേതാവിനുമാത്രമേ മറ്റുള്ളവരെ സഹകരിപ്പിച്ച് അധി കാരത്തോടെ ഇടിഞ്ഞപലതും പണിയുവാൻ കഴിയുകയുള്ളു.

മക്കോ(1:23-25,30-31)

6)മറ്റുള്ളവക്ക് പ്രോത്സാഹനവും ശക്തിയും കരുതുന്ന നല്ലനേതാവ് മർക്കോ:1:40-45

7) ഒരു നല്ല നേതാവിന്റെ ഏറ്റവും നല്ലഗുണമാണ് പ്രാർത്ഥന അങ്ങനെ, വീണ്ടും വരു മെന്ന് പറഞ്ഞുപോയ ഈ നേതാവിന്റെ കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ അനു സരിച്ച് സ്വർഗ്ഗരാജ്യകെട്ടുപണിക്കായി നമുക്ക് പ്രാർത്ഥിക്കാം. അതിന് ഇടിഞ്ഞുകിട ക്കുന്ന മതിലുകളെ പണിയുവാൻ മറ്റുവരെ പ്രോത്സാഹിപ്പാൻ നെഹമ്യാ വിനെപ്പോലെ നമുക്ക് എന്ത് ചെയ്യുവാൻ കഴിയും. യേശു എന്ന ആ നല്ല നേതാ വിന്റെ ഗുണങ്ങൾ നെഹമ്യാവിൽ എപ്രകാരം പ്രകടമായിരുന്നു എന്ന് ചിന്തിക്കാം.

(1) തകർന്ന ജീവിതത്തെപ്പറ്റി കേട്ട നെഹമ്യാവ് അവരെ ഉദ്ധരിപ്പാൻ ദൈവസഹായം ചോദിച്ചു.നെഹ:(2:10)ി ൽ നെഹമ്യാവിനെ ഇസ്രായേൽ മക്കൾക്ക് ഗുണം ചെയ്‌വാൻ വന്നവനായി ശത്രുക്കൾ വരെ കണ്ടു എന്ന് കാണാം.

(2) സ്വർഗ്ഗീയമേലധികാരിക്ക് കീഴ്പ്പെടുന്നവൻ,ഭൗമീക മേലധികാരികളോടും അനുസ രണമുള്ളവനാകണം എന്ന് നെഹമ്യാവ് നമ്മെ പഠിപ്പിച്ചു.രാജാവിന്റെ അനുവാദ

ത്തോടെ,സഹായത്തോടെപ്രവർത്തിപ്പാൻ പുറപ്പെട്ട നേതാവായിരുന്നു അദ്ദേഹം. ദൈവനിയോഗമനുസരിച്ച് ഇടിവുകൾപണിയുവാൻ എഴുന്നേറ്റവൻ മടങ്ങിവരുന്ന സമയവും രാജാവിനെ അറിയിച്ചു.

നെഹ:2:4-6

(3) ദൈവത്തിന്റെ കൈ അനുകൂലമെന്നറിഞ്ഞ് സത്യസന്ധമായി, എല്ലാലൗകിക സുഖവും ത്യജിച്ചിറങ്ങുന്ന നേതാവിന് ശത്രുക്കളുണ്ട്.അവർ പരിഹസിക്കും ഉപദ്രവിക്കും

നെഹ 2:10, 4:1,2

(4) പണിചെയ്യേണ്ട സ്ഥലത്തെപ്പറ്റി സ്വയം മനസ്സിലാക്കി പണിതുടങ്ങുന്നവനാണ് നല്ലനേതാവ്.എങ്കിൽ മാത്രമേ അണികളോട് പണിയേണ്ട ആവശ്യവും അതിന്റെ പ്രയോജനവും മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കുകയുള്ളൂ.

നെഹ:2:12b ,15,17-18, 4:14-15

അണികളെകൂടെ നിർത്തുന്ന നേതാവ് അവർക്ക് തെറ്റുകളും തിരുത്തിനൽകുന്നു.

(5) പ്രതികൂലത്തിൽ ഭയപ്പെടാതെ ദൈവത്തെ മുറുകെപിടിച്ച നേതാവ് ,നെഹ:5:7,11,13.

(6) ശത്രുവിനെ ഭയക്കാത്ത നേതാവിനേ ഇടിവുകൾ നികത്താനും ,പണിപൂർത്തിയാക്കുവാനും കഴിയുകയുള്ളൂ.

നെഹ:6:10-13,15

(7) തന്റെ സുഖമായ ജീവിതത്തെ മാറ്റിവച്ചിട്ട് ശത്രു ചുട്ടുകളഞ്ഞതിനെ പണിയുവാൻ മനസ്സുകാട്ടി പുറപ്പെടും മുൻപുതന്നെ നെഹമ്യാവ് ദൈവത്തോട് പ്രാർത്ഥിച്ച വിധം ശ്രദ്ധിക്കുക.

നെഹ:1:4-11

തുടർന്നും ഓരോ പ്രതികൂലത്തിലും ദൈവേഷ്ടം ചോദിച്ചറിഞ്ഞ് പ്രവർത്തിച്ച ഈ നേതാവ് 52 ദിവസമേ ശത്രു നശിപ്പിച്ചത് പണിയുവാൻ എടുത്തുള്ളൂ.പണിതതിനു ശേഷവും മുൻപും ഒരു ലാഭേച്ഛയുമില്ലാതെ ഈ നേതാവ് പ്രവർത്തിച്ചു.ചതിയുടെയും കൈക്കൂലിയുടെയും സ്വാർത്ഥതയുടെയും ലോകത്ത് മറ്റുള്ളവരുടെ നന്മയാഗ്രഹിച്ച് എഴുന്നേറ്റ് പ്രവർത്തിപ്പാൻ നിങ്ങൾക്ക് കഴിയുമോ? ഈ പുതുവർഷം നല്ല മനോഭാവത്തോടെ ഇടിഞ്ഞതിനെ എല്ലാം പണിയുവാൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ.

*എഴുന്നേൽക്കുക,പണിയുക*

*ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.*

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in

biblestudy.co.in@gmail.com

facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg